(ബി&സി) കാസർഗോഡ് ജില്ലയിൽ എം.എ.സി.ടി. കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് തുടങ്ങാൻ നിർവ്വാഹമില്ലെന്ന് ഹൈക്കോടതിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് ഹൈക്കോടതി വീണ്ടും സർക്കാരിലേക്ക് കോടതി തുടങ്ങുന്നത് സംബന്ധിച്ച് ശിപാർശ നൽകിയത് പരിശോധിച്ചുവരുന്നു.

ഷെട്ടി കമ്മീഷൻ ശിപാർശ

34 (3665) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ്സ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് എന്തെല്ലാം ആനുകൂല്യമാണ് നൽകേണ്ടിയിരുന്നത്; പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

നീതിന്യായ വകുപ്പിൽ ഷെട്ടി കമ്മീഷൻ ശിപാർശ പ്രകാരം ശിരസ്തദാർ, പ്രോസസ്സ് സർവർമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, II എന്നിവർക്ക് യഥാക്രമം 7,800-12,975, 2,750-4,625, 5,000-8,150, 4,000-6,090 എന്നീ ശമ്പള സ്കെയിൽ വർദ്ധനയാണ് 1-4-2003-മുതൽ പ്രാബല്യത്തിൽ നൽകേണ്ടിയിരുന്നത്. ആയത് 1-4-2003 മുതൽ പ്രാബല്യത്തിൽ നൽകി ഉത്തരവായിട്ടുള്ളത്. ഇതു കൂടാതെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ അലവൻസ്, പ്രോസസ്സ് സർവർമാർക്ക് യാത്രാബത്ത, മെഡിക്കൽ അലവൻസ് എന്നിവയും ഷെട്ടി കമ്മീഷൻ നിർദ്ദേശ പ്രകാരം നൽകുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ പുതിയ കോടതികൾ

35 (3666) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര കോടതികൾ തുടങ്ങുവാനാണ് ഉത്തരവിറക്കിയത് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത കോടതികളിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യമായി വരുന്നത് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തസ്തികകളിൽ എത്ര എണ്ണം അനുവദിച്ച് ഉത്തരവാക്കിയിട്ടുണ്ട് ; കോടതി തിരിച്ച് തസ്തികയും എണ്ണവും വിവരിക്കുമോ;

(ഡി) പ്രസ്തുത കോടതികൾ എപ്പോൾ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; തടസ്സങ്ങൾ വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25-2-2014 സ.ഉ.(എംഎസ്.) നമ്പർ 39/14/ ആഭ്യന്തരം പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വിചാരണ ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ ഒരു കോടതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 13-5-2014 തീയതിയിലെ സ.ഉ.(എംഎസ്.) 94/14/ആഭ്യന്തരം പ്രകാരം എൻ.ഐ.ആക്ട് കേസുകൾ വിചാരണ ചെയ്യുന്നതിനായി ജില്ലയിൽ ഒരു താൽക്കാലിക കോടതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി (എ) ചേർക്കുന്നു.*

(സി) സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കോടതിയിലെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. എൻ.ഐ. ആക്ട് കേസുകൾക്കുള്ള താൽക്കാലിക കോടതിയിൽ ആകെ 10 എന്ന സ്റ്റാഫ് പാറ്റേണിൽ നാല് സ്ഥിരം തസ്തികകളും ആറ് താൽക്കാലിക തസ്തികകളും അനുവദിച്ചിട്ടുണ്ട്. വിവരം അനുബന്ധമായി (ബി) ചേർക്കുന്നു.*

(ഡി) എൻ. ഐ. ആക്ട് കേസുകൾക്കുള്ള താൽക്കാലിക കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഏറ്റെടുക്കുന്ന മുറയ്ക്കും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വിചാരണ ചെയ്യുന്ന കോടതിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്കും രണ്ട് കോടതികളും പ്രവർത്തിച്ചു തുടങ്ങും.

ചാലക്കുടിയിൽ കോടതി സമുച്ചയം

36 (3667) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ വിവിധ കോടതികൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഒരു കോടതി സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly